citizens of Cochin has to be avoided. It is the restarting of the agitation by the students rightly or wrongly resulting from the resiling of a compromise arrangement not signed by the Premier for particular reasons but signed by his Deputy.

Mr. President : All those particulars are clear.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* The statement here Sir, is that because of these things, I will read and so convince you.

"ഞങ്ങൾക്കൊരു സമരംചെയ്യുവാൻ തെല്ലും ആഗ്രഹമില്ല. ഒന്നുകിൽ ഫ ഒ പോരേയും നിരുപാധികമായി തിരിച്ചെടുക്കുക. അല്ലെങ്കിൽ ഒരു പരസ്യാന്വേഷണം നടത്തുക. യഥാർത്ഥ കുറവാളികളെ ശിക്ഷിക്കുക. ഇതു രണ്ടും ഗവൺമെണ്ടു ചെയ്തിട്ടില്ല. കോളെജധികൃതന്മാർ ഗവൺമെണ്ടുമായി പരിചിന്തിക്കാതെയാണ് തകരാറുകൾ നിർത്തിച്ചുവിട്ടതെന്നാണ് പ്രസ്താവം."

Mr. President : Those particulars are not needed to show that it is a matter of recent occurrence. My whole difficulty is that. The Hon'ble member has spoken and shown that it is a recent occurrence and the point has been made clear. Those particulars can be brought in during the adjournment motion. They are not necessary to show that it is a matter of public importance and of recent occurrence.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* All are not L. M. Pylees Sir. I am only reading just one thing.

"അതുകൊണ്ടു ഗവൺമെണ്ടു കണ്ണുതുറന്നു മുഖാപൂവ്വം യാഥാർത്ഥ്യങ്ങളെ നേരിടട്ടെ അല്ലെങ്കിലൊ സന്ധിയില്ലാത്ത സമരത്തിലായിരിക്കും ഇക്കാര്യം ചെന്നവസാനിക്കുക. വിദ്യാർത്ഥികൾ മാത്രമായിരിക്കുകയില്ല അപ്പോഴതിൽ ഇടപെടുന്നതു". പ്രജാമണ്ഡലത്തിലെ പുരോഗമനവിഭാഗക്കാർ സോഷ്യലിസ്റ്റ് പാർട്ടി, കമ്മൂണിസ്റ്റ് പാർട്ടി തുടങ്ങിയവരെല്ലാം മുന്നണിയിലുണ്ടാവും. വിജയംവരെ പട പൊരുതുവാനുള്ള സജ്ജീകരണങ്ങൾ ഞങ്ങൾക്കുണ്ട്".

It has got to be taken Sir, that this catastrophe is assured to Cochin if these statements are not contradicted and it is the duty of every citizen in the State to avoid that catastro phe and therefore it is a matter of public importance. Both these occurred yesterday and I was a listener to the speech of a Communist. So it is clear that it is a matter of public importance. If anybody murmur that it is not a matter of public importance woe unto that gentleman. I pity him.

Mr. M. Sivarama Menon *(Constitutional Adviser) :* Sir, I fail to see what the recent occurrence is upon which the motion is based. Is it the arrest of two persons named by him? Let me understand the position. I fail to see in the motion tabled by the Hon'ble Member any matter of recent occurrence which is of Public Importance to justify any adjournment motion. The mere fact that a pamphlet is seen published during the course of the Legislative Council Proceedings by somebody, does not constitute a matter of recent occurrence or a definite matter of urgent public importance. Further, the matter, if any, must relate to the administrative responsibility of the Government. How can the socalled resiling of a member of the Government from a promise alleged to have been made by him to another member of this House be said to be of such public and urgent importance as to putting a motion of this kind. Is the House to discuss whether a promise was made or not? The motion is upon the avoidance of a sure fight by the Cochin Students. A future uncertain event, namely the avoidence of a sure fight is not a matter of recent occurrence.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* So that writings on the walls are not noted.

Mr. President : Order, there is a motion moved by the Hon'ble Prime Minister. Some time back, I received a letter from a well known artist Mr. Vaidyanatha Ayyar presenting a portrait of Mahatmaji that you see here and requesting the Council to accept it and have it put up in the Council Hall. I thought I should take the consent of the members of this House to do such things. Therefore, this motion will be placed for the consideration of the House and will be moved by the Hon'ble Prime Minister.

5. Resolution regarding The Portrait of Mahatma Gandhi

***Mr. P. Govinda Menon** *(Prime Minister) :* Mr. President. I may be allowed to move the motion that stands in my name. *"This Council resolves that the portrait of Mahatma Gandhi presened to the Legislative Council by Mr. K. V. Vaidyanathan, painter of the same be accepted"*. Sir, the portrait is before the Hon'ble Members. I understand that it was the desire of the painter Mr. Vaidyanathan who also I understand has been invited to be....

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: With your leave, Sir, will it not be appropriate for all of us to stand up on this solemn occasion even when the speech of the Premier is going on and show our respect.

Mr. President: That will be done when we accept the motion.

Mr. P. Govinda Menon *(Prime Minister)*: Mr. Vaidyanathan took this portrait at about midnight on the 14th August to my house. He thought even at the very next day I could arrange for its being placed in the Legislative Council Hall, but his anxiety was very great that the portrait must be placed in the Legislative Council on the Independence day, that is, on the 15th August. But it was not possible for me to arrange to do so, especially because I had no time to contact you and take your permission for doing so. Moreover, there were very important public functions, Government functions and State functions and public functions to be attended to by almost everyone in the State on that day and therefore nothing could be done. I am therefore taking this opportunity now to request the House, Sir, that the portrait so well-painted and so generously and patriotically and sincerely offered for being placed in this House be accepted by this House. I would also take this opportunity on behalf of you, Sir, and every other Member of this House, to express our sense of gratitude to Mr. Vaidyanathan for having made a present of such a beautiful portrait of such a great living soul to be placed in the Legislative Council.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സർ, ഭാരതമാതാവിന്റെ അരുമസന്താനമെന്നഭിമാനം കൊള്ളുന്ന ഈ മഹാന്നുഭാവന്റെ ഛായാപടം ഇവിടെ അനാഛാദനം ചെയ്യണമെന്നു പറയുന്നതോടുകൂടി ഒരു കാര്യം പറയണമെന്നുവച്ചാണു് ഞാൻ കുറച്ചൊന്നു പറയുന്നതു്. ആ മഹാന്നുഭാവന്റെ ആ ഛായാപടത്തെ നിയമസഭയിൽ അനാഛാദനംചെയ്യുന്നതിൽ എല്ലാവർക്കും ഒരുപോലെ സന്തോഷമുള്ളതാണെങ്കിലും, അദ്ദേഹത്തിന്റെ ആദർശം എന്താണോ അതനുസരിച്ചു് പ്രവർത്തിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അവ ശരിയായി അഹിംസാമാർഗ്ഗത്തിൽ പൊതുജനോപകാരപ്രദമാംവണ്ണം വേണ്ടവിധത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്നുകൂടി ഞാൻ ആവശ്യപ്പെടുന്നു.

Mr. Choudhury G. S. Dhara Singh *(Mattancheri)*: Sir,

Mr. President. On such a solumn occasion like this, I would like to have no interruption

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അദ്ദേഹത്തിന്റെ യോഗ്യതകളെക്കുറിച്ചു് കൂടുതലായി പറയേണ്ടതാവശ്യമില്ല. അദ്ദേഹത്തിന്റെ മനസ്ഥിതിയോടുകൂടി ഇന്നത്തെ പ്രജാമണ്ഡലം പാർട്ടിക്കാരും, അഥവാ, അദ്ദേഹത്തിന്റെ അനുഗാമികളാണെന്നു വിചാരിക്കുന്നതാരെല്ലാമാണോ അവരെല്ലാം ആ നിഷ്കളങ്കഹൃദയത്തോടുകൂടി പൊതുജനനന്മക്കുവേണ്ടി പ്രവർത്തിക്കണമെന്നാണു് എന്റെ ആഗ്രഹം. അതല്ലാതെ, അത്തരത്തിലുള്ള മനസ്ഥിതിയോടുകൂടിയല്ലാതെ, പഴയ കപടമനസ്ഥിതിയോടുകൂടി വല്ല കാര്യങ്ങളും പ്രവർത്തിക്കുന്നതായാൽ ആ മഹാന്നുഭാവന്റെ പടം ഇവിടെവച്ചു് വണങ്ങാക്കുതന്നെ ഞാൻ അപേക്ഷിക്കുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

Mr. President: For other Hon'ble Members speaking, I think five minutes would be the maximum time limit.

Mr. Parambi Lonappen *(Irinjalakkuda)*: Sir, It is really an agreeable surprise to me that a portrait of Mahatma Gandhi is to be placed in this Council Hall. Of course, I had absolutely no notice of it. Therefore, I have not come prepared for any speech. But I have been a great admirer of Mahatma Gandhi, on account of his one great doctrine, one great teaching, and i.e., non-violence. It is a great creed with him, as it is with me, a humble man. I wish that that creed is spread with all its force into the minds of all Indians in this sub-continent of India. Sir, I know what is transpiring in British India nowadays. I have been recenty in British India for some time. If Mahatma Gandhi is not alive today, I can assure you India would be in a pool of blood and nothing else. It is his wisdom and his speech, softening influence that deterred people from committing massacres, ravages and other unnecessary ruinous blunders. We hear in the papers as to what are taking place in the north of us. Some of us know how feelings are exasperated. There is at least, thank God, a very soothing influence in the person of Mahatma Gandhi and also his right hand henchman Pandit Jawaharlal Nehru. I am glad, Sir, therefore, that Mr. Vaidyanatha Ayyar has been pleased to present us with a portrait of Mahatma Gandhi to be placed in this Council Hall. I would request the Prime Minister to see that it is placed in a more conspicuous place.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Prime Minister)*: It is not the final place.

Mr. President: It is placed there, just for the view.

Mr. Parambi Lonappen *(Irinjalakkuda)*: I therefore entirely associate myself with all the patriotic sentiments expressed by the Prime Minister.

***Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Sir, on this solemn occasion, when this 23 year old House gets the privilege, proud privilege and the blessing of having on the walls of this Chamber the inspiring photo of the Father of the independence and everything good in India, and I may say, Sir, of the future good that the world is going to enjoy probably at a distant future—I wish it were nearer—it is indeed a beacon light, Sir, for us inclusive of the Government from time to time to have the benefit and the inspiration that could be drawn by one who has the will to draw that inspiration that can be had. It was the privilege in this House, Sir, to have the inspiring presence of our illustrious Rulers beginning with the maker of modern Cochin adorning the wall here, who first conceived the idea of the Legislative Council on a grander scale than what we now in the 23rd year are having—I have seen through the papers—realised by his illustrious successor adorning the wall yonder again with his inspiring presence, who worked up to improve the level of Cochin, which the Maker of the Modern Cochin brought about. Then we have, what shall I say, not only the inspiring, the innocent inspiring presence of that great soul that passed away at Chowwara, who, Sir, it was who began the experiment of responsible government in the year 1113, not long after his ascension to the throne, inspiring in more ways by the simple life that he was leading by the open-heartedness that was patent to anyone who came in contact with him—which privilege I had. Then, Sir, on the wall just over the head of the guardian of the privileges of this House, we see, Sir, just under the coat of arms of Cochin, the photo, the inspiring photo of our present illustrious Maharaja who seeing the writing on the alls, reading it appropriately and at the proper time, did what could be or what ought to be done. Yes, with these photos, add the saintly, well-depicted portrait of the saint of Sabarmathi, the peace-maker between Pakistan and India, the one who showed how things can be achieved without bloody revolution, freedom and many other things. The photo of that beacon light, Sir, is one, I am sure, everybody will agree with me that it will be the gaining of a new life for this Council correcting the mistakes unknowingly or deliberately made from time to time by member after member inclusive of the treasury benches. All the past history of our mistakes and shortcomings will be forgotten, must be forgotten and I am sure that from this moment a new chapter in the history of this Legislative Council as also of the Government will be opend all for the reason of that inspiring photo we have here now, Sir, as also, Sir, by the distinguished leader of the opposition on behalf of the party in which I do not find any member other than myself today unfortunately. Sir, it must be installed, I am sure, it will be installed in a place, I shall not mention now, in its appropriate place with the proper setting.

* മിസ്റ്റർ കെ. ഐ: വേലായുധൻ: ഇന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്ന മഹാന്മാരിൽ മഹാത്മാവായ അദ്ദേഹത്തിന്റെ പടം ഇവിടെ അനാഛാദനം ചെയ്തതിൽ ഞാൻ ഗവമ്മെണ്ടിനെ അനുമോദിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രമാണ് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ ചരിത്രം. അദ്ദേഹത്തിന്റെ ത്യാഗനിർഭരമായ ജീവിതവും, അഹിംസാപരമോധർമ്മം എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ജീവിതത്തിന്റെ ഫലവുമാണ് ഇന്ത്യയെ സ്വാതന്ത്ര്യത്തിൽ എത്തിക്കാൻ പ്രേരിപ്പിച്ചതു് എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. അദ്ദേഹത്തിന്റെ ജീവിതതത്വം ഈ രാജ്യത്തെന്നുമാത്രമല്ല ബാക്കിയുള്ള സകല രാജ്യങ്ങളേയും ഒരുപോലെതന്നെ ഒരു പാഠം പഠിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവിതം ബാക്കിയുള്ളവർ ഒരു മാതൃകയായി അനുകരിക്കുന്നപക്ഷം തീർച്ചയായും ഇന്ത്യയായിരിക്കും ഭാവിയിൽ ലോകത്തിലെ മറ്റെല്ലാ രാഷ്ട്രങ്ങളേയും നയിക്കാൻപോകുന്നതു്. അദ്ദേഹത്തിന്റെ മാതൃകാതത്വങ്ങളെ അനുസരിച്ചു് പ്രവൃത്തിക്കുകയാണ് നാം ചെയ്യേണ്ടതു്. ഇത്രമാത്രമെ ഈ അവസരത്തിൽ ഞാൻ പ്രസ്താവിക്കുന്നുള്ളൂ.

*Speech not corrected by the Honable Member.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ കെ. എച്ച്. സുലൈമാൻ: മിസ്റ്റർ പ്രസിഡണ്ട്, നാം ഇവിടെ മഹത്തായ ഒരു കർമ്മം അനുഷ്ഠിക്കുകയാണെന്നുള്ളതിനെക്കുറിച്ചാണ് രണ്ടു വാക്ക് ഞാൻ പറയുന്നത്. പരിപാവനമായ ഈ സന്ദർഭത്തിൽ ബാക്കി കാര്യങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾകൊണ്ട് ഈ ഗൃഹത്തെ മലിനപ്പെടുത്തുവാൻ ശ്രമിക്കുകയാണെങ്കിൽ അത് വ്യസനകരമാണ്. എന്നിരുന്നാലും ലോകത്തിൽ സമാധാനവും, അക്രമരഹിതങ്ങളായ പല ആദർശങ്ങളും നടപ്പാക്കാനായി പരിശ്രമം ചെയ്തിട്ടുള്ള ഒരു മഹാനുഭാവന്റെ ഛായാപടം അനാഛാദനം ചെയ്ത് സന്തോഷത്തോടുകൂടി എല്ലാവരും അതു് ദർശിക്കേണ്ട ഈ ഘട്ടത്തിൽ നമ്മുടെ നിയമസഭ അക്രമങ്ങളെ അകറ്റാനായി പോലീസ് തോക്കും ലാത്തിയുമേന്തി ഗാർഡ് ചെയ്യേണ്ടതായി വന്നുപോയല്ലൊ എന്നോർക്കുമ്പോൾ അതു് വ്യസനസമേതം പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ അവസരത്തിൽ ഈ നിയമസഭയോടൊപ്പം ഞാനും ഈ പടം സമ്മാനമായിനല്കീട്ടുള്ള ആ മഹാനുഭാവനോട് എനിക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഒരുസംഗതിമാത്രമാണ് ഈഅവസരത്തിൽ ആ ഛായാപടം നോക്കി മനസ്സിലാക്കേണ്ടതു്. അതായതു് ആ മഹാനുഭാവന്റെ ആദർശങ്ങളെ മാനദണ്ഡമായി വെച്ചുകൊണ്ടുവേണം നാം നമ്മുടെകാര്യങ്ങളെ മുന്നോട്ടുകൊണ്ടുപോകുവാൻഎന്നുള്ളതാണ്. ആ മഹാനുഭാവന്റെ ശാന്തഗംഭീരമായഭാവത്തിൽ അന്തർല്ലീനമായ തത്വം എന്താണെന്നു് ആ പടം നോക്കുമ്പോൾ നമുക്കോർമ്മവരുന്നതാണ്. ഇന്നു് ഇന്ത്യയെ ബാധിച്ചിട്ടുള്ള സാമുദായിക വഴക്കുകളെ മഹാത്മജി ഈ ഭൂഷ്ഭാരതത്തിൽനിന്നും പാടെ വിപാടനം ചെയ്യാൻ അശ്രാന്തം പരിശ്രമിച്ചുവന്നു. ആ മഹാനുഭാവന്റെ ഛായാപടം കാണുന്ന അവസരങ്ങളിലെല്ലാം അഹിംസാതത്വവും അക്രമരാഹിത്യബോധവും എല്ലാസമുദായക്കാർക്കും ഉണ്ടായിത്തീരുവാൻ പ്രചോദനം നല്കുമാറാകട്ടെ എന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ളതിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നതായ മഹാത്മാക്കളിൽ മഹാത്മാവാണ് മഹാത്മാഗാന്ധി. അദ്ദേഹത്തിന്റെ പലേ പ്രസ്ഥാനങ്ങളെപ്പറ്റിയും അധികമൊന്നും ഇവിടെ എനിക്കു അനുസ്മരിപ്പിക്കേണ്ടതായിട്ടില്ല. അദ്ദേഹത്തിന്റെ പ്രസ്ഥാനങ്ങളിൽ അതിപ്രധാനമായതു് നോണ് ഹരിജനോദ്ധാരണം. ഇന്ത്യയിലെ ആറിലൊന്നു് വരുന്ന മുകലക്ഷങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി അദ്ദേഹം കൈക്കൊണ്ടിരിക്കുന്ന പരിപാടികളെ ഈ അവസരത്തിൽ സ്മരിക്കാതെ നിവൃത്തിയില്ല. മഹാത്മാഗാന്ധി ഹരിജനോദ്ധാരണം അദ്ദേഹത്തിന്റെ പരിപാടികളിൽ ഉൾപ്പെടുത്തുന്നതിനു വളരെ മുമ്പു് ജാതിയേയും അയിത്തത്തെയും കേരളക്കരയിൽനിന്നും ഉച്ചാടനം ചെയ്യുന്നതിനുവേണ്ടി ശ്രീനാരായണഗുരുസ്വാമികൾ അദ്ദേഹത്തിന്റെ ശിഷ്യസമൂഹമാകുന്ന സേനകളെ ഒരു സമരത്തിലേക്കു് അണിനിരത്തിക്കഴിഞ്ഞു. എന്നാൽ അവരുടെ പ്രവർത്തനത്തിനു മലയാചലത്തിനും മപ്പുറം കടക്കാൻ കഴിഞ്ഞില്ല. മഹാത്മാഗാന്ധി ഈ പ്രസ്ഥാനം ഏറ്റെടുത്തപ്പോൾ കന്യാകുമാരിമുതൽ കാശ്മീരംവരെ അതിന്റെ മാറ്റൊലി മുഴങ്ങി. ഏറ്റവും വലിയ യാഥാസ്ഥിതികൻപോലും ഹരിജനോദ്ധാരകനായി മാറി. വട്ടമേശ സമ്മേളനത്തിൽ ഗംഗാജലവുമായി ഇംഗ്ലണ്ടിൽപോയി, മടങ്ങിയെത്തിയശേഷം ആപാദചൂഡം മണ്ഡനംചെയ്തു് ഗംഗാനദിയിൽ സ്നാനം ചെയ്തശേഷം വീട്ടിൽ തിരിച്ചെത്തിയ ജാതി ഹിന്തുവും ഹരിജനപ്രവർത്തകനായി രൂപാന്തരപ്പെട്ടു. ഈ പ്രസ്ഥാനത്തിലേക്കു് ഗാന്ധിജിയെ തിരിച്ചുവിട്ട സുപ്രസിദ്ധമായ പൂനാപാക്റ്റിനേയും ഡാക്ടർ അംബേദ്കറേയും ഈ അവസരത്തിൽ ഞാൻ അനുസ്മരിക്കുന്നു. മഹാത്മാഗാന്ധിജി അധ:കൃതരുടെ അവശതകളെ ഇല്ലായ്മചെയ്യുവാനും അവരുടെ താല്പര്യങ്ങളും സംരക്ഷിക്കാനുംവേണ്ടി അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരുന്ന ഒരു മഹാത്മാവാണെന്നുള്ളതോർക്കുമ്പോൾ അദ്ദേഹത്തിന്റെ ഛായാപടം അനാഛാദനം ചെയ്യുന്ന ഈ സന്ദർഭത്തിൽ ഒരു സംഗതി ഇവിടെ പറയാനുണ്ടു്. ഫ്രാഞ്ചൈസ് കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ചു് അധ:കൃതരുടെ കാര്യത്തിൽ ശരിയായ ഒരു പരിരക്ഷയുണ്ടാകുമോ എന്നു് എനിക്കു നിശ്ചയമില്ല. അക്കാര്യത്തിൽ ഈ കൌൺസിൽപ്രത്യേകം പരിഗണിക്കേണ്ടതായിട്ടുണ്ടെന്നു് പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കുന്നു.

---

*Speech not corrected by the Honable Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. രാജ: ഫൻ ർ ഗ്വാസ്സ് ക്രി.വം-ക്കുമസ് മഹാത്മാഗാന്ധിയെ ഒരു വെറും രാഷ്ട്രീയ നേതാവ് മാത്രമായിട്ടാണ് കരുതിയിരുന്നതു്. അന്നത്തെ സംഭവങ്ങളെ എതാണ്ട് ½ ശതാബ്ദകാലത്തെ നമ്മുടെ നിരന്തരമായ സ്വാതന്ത്ര്യ പരിശ്രമഫലം പരിപൂത്തിയിൽ എത്തിച്ചുതായ ഒരു ലോകനേതാവ് എന്ന അസൂയാർഹമായ ഒരു പരമോന്നത മായ പദവിയിലേക്ക് അദ്ദേഹത്തെ ഉയത്തിക്കഴിഞ്ഞു. ഇന്നു് അദ്ദേഹം ര 0 കോടി ജനങ്ങളുടെ നേതാവു് മാത്രമല്ല, ലോകത്തിലെ ഫ 0 0 കോടി ജനങ്ങളുടേയും ആരാദ്ധ്യപുരുഷനായിട്ടാണ് വീക്ഷിക്കപ്പെടുന്നതു്. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പ്രമാണങ്ങളേയും, ആദർശങ്ങളേയും അനുസരിച്ചു് ഞങ്ങളാൽ ആകുന്നവിധം ഞങ്ങളുടെ സ്വകാര്യ ജീവിതത്തിലും പൊതുജീവിതത്തിലും പ്രവത്തിക്കുവാൻ ഇടയാക്കിതീത്ത അദ്ദേഹത്തോടുള്ള കൃതജ്ഞത പ്രകടിപ്പിക്കുവാൻ ഇങ്ങിനെ ഒരവസരം ഉണ്ടായതിൽ ഞങ്ങൾ സന്തോഷിക്കുന്നു. മഹാത്മാഗാന്ധിക്കു് ഇന്നു് ഇന്ത്യാഗവമ്മെണ്ടിന്റെ പ്രവത്തനങ്ങളിൽ ഔദ്യോഗികമായ യാതൊരു കൈകായ്വുമില്ല. ഒരു അപ്രാപ്യമായ പവ്വത പാശ്വത്തിന്റെ താഴ്വരയിൽ ഒരു വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന കേന്ദ്രമുണ്ടെന്നു് വെക്കുക. ആ ക്കും കാണാൻ കഴിയാത്തവിധത്തിൽ അവിടെ നിന്നും പ്രവഹിക്കുന്ന വൈദ്യുതപ്രവാഹം മാരോ വീട്ടിലും, മാരോ തെരുവിലും, മാരോ വഴിയിലും എന്നുവേണ്ട മാരോ മറിയിൽ പോലും എതു തരത്തിൽ പ്രകാശവും വെളിച്ചവും പരത്തിക്കൊണ്ടിരിക്കുന്നുവൊ അതുപോലെ മഹാത്മാഗാന്ധി ഒരു കോണിൽ ഇരുന്നുകൊണ്ടു് ഇന്ത്യയിലെ ഓരോ പൌരന്റേയും സ്വകാര്യജീവിതത്തിനും, പൊതുജീവിതത്തിനും അങ്ങേ അറ്റംവരെ ആശാസ്യമായ സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഛായാപടം ഇന്നിവിടെ സ്വീകരിക്കുവാൻ ഇടവരുത്തിയതിൽ ഈ പടം എഴുതിയ മിസ്റ്റർ വൈദ്യനാഥയ്യരോടു് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും കൃതജ്ഞതയുണ്ടു് ഇത്രയും മനോഹരമായ ഒരു ഛായാപടം നമുക്കു സമ്മാനിച്ചു, ഇതെഴുതിയ ആ കലാകാരന്റെ പാടവത്തോടു് നമ്മുടെ അഭിനന്ദനം രേഖപ്പെടുത്തേണ്ടതായിട്ടുണ്ടു്. സർ, നമ്മെ കൊച്ചിയിലെ പൊതുജനങ്ങൾ വളരെ വലിയ പ്രതീക്ഷകളോടുകൂടി എല്പിച്ചിട്ടുള്ള ആ ഭാരം നാം ഇവിടെ അനുവത്തിച്ചുകൊണ്ടിരിക്കുന്ന ഓരോ അവസരത്തിലും അദ്ദേഹത്തിന്റെ പ്രത്യക്ഷരൂപം നമുക്കു പ്രോത്സാഹനവും, ആശ്വാസവും നല്കുവാൻ ഇടയാക്കിത്തീർക്കുമാറാകട്ടെ. വാക്കിൽ പോലും അഹിംസ പാലിക്കണമെന്ന മഹാത്മാഗാന്ധി ആവത്തിച്ചാവത്തിച്ചു് പറഞ്ഞിട്ടുള്ളതാണു്. എന്നാൽ നമ്മുടെ വികാരവിക്ഷോഭങ്ങളുടെ പ്രതിഫലനങ്ങളായി ഈ നിയമസഭയിൽ പോലും ഹിംസാപരമായിട്ടുള്ള വാക്കുകൾ തന്നെ അങ്ങോട്ടും ഇങ്ങോട്ടും വലിച്ചെറിഞ്ഞിട്ടുള്ളതു് നിത്യസംഭവങ്ങളാണു്. അങ്ങിനെയുള്ള വാക്കുകൾ ഇനി മേലിലെങ്കിലും നമ്മിൽ നിന്നും ഉണ്ടാകരുതെന്നുകൂടി അഭ്യർത്ഥിക്കേണ്ടതായിട്ടുണ്ടു്. ഈ സഗൌരവമായിട്ടുള്ള വേളയിൽ, മിസ്റ്റർ വൈദ്യനാഥയ്യരുടെ സമ്മാനം സ്വീകരിക്കുന്ന അവസരത്തിൽ, ഈ നിയമസഭയുടെ എല്ലാ വിഭാഗങ്ങളുടേയും കൃതജ്ഞതാപ്രകടനത്തിൽ ഞാൻ പങ്കുചേരുന്ന ആ പാട്ടിയുടെ പേരിലും, എന്റെ സ്വന്തനിലയിലും ഞങ്ങളും പങ്കുചേരുന്നു എന്നു പറഞ്ഞുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: മഹാത്മാഗാന്ധിയുടെ ഛായാപടം സ്വീകരിക്കുന്ന ഈ സുദിനം നിയമസഭയുടെ ചരിത്രത്തിൽ മഹനീയവും, പ്രകീർത്തിതവുമായ ഒരു അദ്ധ്യായം സൃഷ്ടിക്കുകയാണു് ചെയ്യുന്നതു്. വിദേശമേധാവിത്വത്തെ ഇവിടെ നിന്നും ആട്ടി ഓടിക്കുന്നതിനു് നടത്തിയ സമരത്തിൽ അദ്ദേഹം ഇന്ത്യക്കാക്കു് നല്കിട്ടുള്ള നേതൃത്വത്തെ ഒരിക്കും ചോദ്യം ചെയ്യാൻ സാധിക്കുകയില്ല. അദ്ദേഹത്തിന്റെ ആ സമരനയം ഇന്ത്യയുടെ സ്വാതന്ത്ര്യ സമ്പാദനം ഏറ്റവും എളുപ്പം സാധിതപ്രായമാക്കുന്നതിനു് വളരെ സഹായിച്ചിട്ടുണ്ടെന്നാണു് നമ്മളെല്ലാവരും പരിപൂർണ്ണമായി വിശ്വസിക്കേണ്ടിയിരിക്കുന്നതു്. അദ്ദേഹത്തിന്റെ ആ മഹത്തായ നേതൃത്വത്തിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും ഇന്ത്യയുടെ അവശതകളെ പരിഹരിക്കുവാൻ ഉള്ള സേവനങ്ങളിൽ തീച്ചയായും അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിക്കാവുന്നതാണു്. ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനത്തിൽ അദ്ദേഹം സ്വീകരിച്ചുതായിട്ടുള്ള ആ നയം തന്നെ ഇനിയും ഇവിടെ നിലനില്ക്കുന്ന വൈദേശികമായ നിരവധി അസ്വാതന്ത്ര്യങ്ങളെ തട്ടിനീക്കുന്നതിനും, ജനസാമാന്യത്തിന്റെ സ്വാതന്ത്ര്യത്തെ കൈവരുത്തുന്നതിനും ഉപകാരപ്രദമായ ഒരു മാർഗ്ഗമായി നാം സ്വീകരിക്കുന്നതു് വളരെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan]

നന്നായിരിക്കുമെന്നാണ്. എനിക്കു തോന്നുന്നതു്. അദ്ദേഹത്തിന്റെ പരിപൂർണ്ണമായ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ടു് മറ്റുള്ളവരോടൊപ്പം ഞാനും ഈ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

Mr. P. Govinda Menon *(Prime Minister)*: We may finish this now, Sir.

Mr. President: I suppose so.

മിസ്റ്റർ കെ. ടി. അച്യുതൻ: ഞാൻ ഈ പ്രമേയത്തോടനുകൂലിക്കുന്നു. ലോകൈകവന്ദ്യനായ മഹാത്മജിയുടെ ഛായാപടം നമുക്കു നൽകിയ മിസ്റ്റർ വൈദ്യനാഥയ്യരോടു് ഒരു കൊച്ചുകുട്ടൻ എന്ന നിലയിൽ ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. ഗാന്ധിജിയുടെ പ്രവർത്തികളുടെ ഒരു സംഗ്രഹം ഇവിടെ പറയാനുദ്ദേശിക്കുന്നില്ല. ഭാരതീയരായിട്ടുള്ള നമ്മൾക്കു് അദ്ദേഹത്തിന്റെ പ്രവർത്തിയുടെ ഫലമായിട്ടാണു് സ്വാതന്ത്ര്യം ലഭ്യമായതു് എന്നു് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ഗാന്ധിജിയുടെ സിദ്ധാന്തങ്ങളെ എല്ലാകാര്യങ്ങളിലും സ്വാത്മനാ അനുഷ്ഠിക്കുവാനും അനുകരിക്കുവാനും അതുമൂലം പൂജ്യമായ ഒരു ലോകത്തെ സൃഷ്ടിക്കുവാനും ഉള്ള കഴിവുകളും ധൈര്യവും നമ്മൾക്കെല്ലാവർക്കും ഉണ്ടാകട്ടെ എന്നുള്ള ആശംസയോടുകൂടിയും ഈ ഛായാപടം നമുക്കു നൽകിയ മിസ്റ്റർ ടി. കെ. വൈദ്യനാഥയ്യരോടു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും എന്റെ ഈ പ്രസ്താവന അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. President: Just a word more. Mr. K. Vaidyanathan the well known artist who made a gift of this beautiful picture, is now in the President's Gallery. He is not new in this line. Several Hon'ble Members know him already, I understand that as long ago as 1938 he presented to Mahathma Gandhi at Haripura a picture of Mahatma Gandhi blessing a Harijan boy. I also understand that ever since that time he has drawn several pictures of that type which have been greatly appreciated by the public at large, he has also presented a picture now to the Madras Legislative Council and the President on behalf of the members has accepted it. Therefore, we are very proud that our House has also got a portrait painting of the great national leader. The artist himself has given an appropriate title "the Father of the Nation". We must all be thankful to the artist for sanctifying this House by the present of this portrait of the revered "Father of the Nation". Therefore as a mark of great veneration profound respect, and affection which we owe to Mahatma Gandhi, I request the Hon'ble Members to rise in their seats and accept this resolution.

The resolution was accepted all Members standing

Mr. President: The House therefore accepts this offer and on behalf of the House I gladly thank Mr. K. V. Vaidyanatha Ayyar for having made this excellent and inspiring gift to this House.

House rose for lunch at 1-35 p.m. and reassembled at 2-35 p m. with the Hon'ble President M R.Ry. L. M. Pylee M.A. and B.L. in the Chair.

6. LEGISLATIVE BUSINESS—(I) GOVERMENT BILLS

The Cochin Payment of Salaries and Allowances (Amendment) Bill—(*cont.*)

Mr. P. Govinda Menon *(Prime Minister)*: Sir, I move that the Cochin Payment of Salaries and Allowances Act (Amendment) Bill be taken up and finally passed.

Mr. M. Sivarama Menon *(Constitutional-Adviser)*: I second the motion.

Mr. Parambi Lonappan *(Irinjalakkuda)*: I wish to say a few words at this stage, not with the idea of obstructing the passing of the Bill.

Mr. President: The Hon'ble Member is opposing it or not?

Mr. Parambi Lonappan *(Irinjalakkuda)*: After finishing my speech I will say whether I oppose or not. Let me offer my remarks and then state my opposition. As I said before not mainly to obstruct.....

Mr. P. Kumaran Ezhuthassan *(Vadakkancheri)*: With what view ?

Mr. Parambi Lonappan *(Irinjalakkuda)*: With a view to offer some observations on what transpired in the House when the Payment of Salaries Bill was taken up. Sir, you all know that in the year 1113 when a Minister was first appointed the Government of the day thought that the pay of the Ministers should be fixed at Rs. 800 per mensem with a house allowance of Rs. 75 and I think if I am right with a car allowance of Rs. 75 with a car. After having fixed it, the bill was introduced in the Council and after much discussion.....

LIBRARY ARCHIVES Kerala Legislative Assembly